ഉത്തരം

(എ-സി) 15-7-2014-ൽ ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചെങ്ങന്നൂർ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിലും ഒരു യോഗം നടക്കുകയുണ്ടായി. മേൽ യോഗത്തിൽ ഈ നദിയുടെ അതിരുകൾ നിർണ്ണയിക്കുന്നതിനായി റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുകയുണ്ടായി. ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, തിരുവൻവണ്ടൂർ പഞ്ചായത്ത് എന്നിവിടങ്ങളിലൂടെ ഒഴുകിയിരുന്ന വരട്ടാറിന്റെ നീരൊഴുക്ക് സുഗമമാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ബന്ധപ്പെട്ട വകുപ്പുകളുടെ സംയുക്തയോഗം വിളിച്ചുകൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സെക്രട്ടേറിയറ്റിനു മുമ്പിലും പരിസരത്തും സമരങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ

27 (3658) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിനു മുൻപിലും പരിസരത്തും സമരങ്ങൾ ഒഴിവാക്കാനുള്ള നടപടികൾക്കു തുടക്കം കുറിച്ചിട്ടുണ്ടോയെന്നു വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ തയ്യാറാക്കി രാഷ്ട്രീയപ്പാർട്ടികൾക്കു നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സെക്രട്ടേറിയറ്റിനു മുൻപിലും പരിസരത്തുമുള്ള സമരങ്ങൾ ജനത്തെ ബുദ്ധിമുട്ടിക്കാത്തവിധം ക്രമീകരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നിർദ്ദേശത്തിലുള്ളതെന്നു വിശദമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് സർവ്വകക്ഷിയോഗത്തിൽ അഭിപ്രായസമന്വയം ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) തലസ്ഥാന നഗരിയിൽ പ്രത്യേകിച്ച് സെക്രട്ടേറിയറ്റിനു മുമ്പിലും പരിസരത്തും വിവിധ സമരങ്ങൾമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ഒരു ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി എല്ലാ രാഷ്ട്രീയപാർട്ടി പ്രതിനിധികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും 27-1-2014-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രാഥമിക ചർച്ച നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) 27-1-2014-ലെ ചർച്ചയിൽ പങ്കെടുത്ത മുഖ്യധാരാ രാഷ്ട്രീയ കക്ഷികളെ പ്രതിനിധാനം ചെയ്യുന്ന അംഗങ്ങൾ ടി വിഷയത്തിൽ തങ്ങളുടേതായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് തുടർയോഗങ്ങൾകൂടി തീരുമാനങ്ങളെടുക്കുന്നതാണ് എന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം

28 (3659) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) നിലവിലുള്ള ഫയലിംഗ് സംവിധാനത്തിൽനിന്ന് എന്തെല്ലാം മാറ്റങ്ങളാണ് പുതിയ സംവിധാനം മുഖേന ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) DDFS എന്ന സോഫ്റ്റ്വെയറാണ് സെക്രട്ടേറിയറ്റിലെ ഹയർ എഡ്യൂക്കേഷൻ വകുപ്പിലും സാമൂഹ്യനീതി വകുപ്പിലും ഉപയോഗിച്ചുവരുന്നത്. NIC-യുടെ ഇ-ഓഫീസ് സോഫ്റ്റ്വെയർ DDFS പോലെ മറ്റൊരു ഇ-ഫയലിംഗ് സോഫ്റ്റ്വെയർ ആകുന്നു. ഇ-ഓഫീസ് സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും നടപ്പാക്കുന്നതായിരിക്കും. ഹയർ എഡ്യൂക്കേഷൻ വകുപ്പിലും സാമൂഹികനീതി വകുപ്പിലും DDFS-ൽ നിന്നും ഇ-ഓഫീസിലേക്ക് ഇ-ഫയലുകൾ മൈഗ്രേറ്റ് ചെയ്യുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly